പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3182 — 14.3.2018 ൽ മറുപടിയ്ക്ക്

## കാസർഗോഡ് റീഹാബിലിറ്റേഷൻ വില്ലേജിന്റെ നിർമ്മാണം

ചോദ്യം — മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ — പിണറായി വിജയൻ (മുഖ്യമന്ത്രി )

| | |
|---|---|
| (എ) എൻഡോ സൾഫാൻ ദുരിതബാധിതരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന റീഹാബിലിറ്റേഷൻ വില്ലേജിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര ഏക്കർ സ്ഥലമാണ് അനുവദിച്ചിട്ടുള്ളത്; | (എ) കാസർഗോഡ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന റീഹാബിലിറ്റേഷൻ വില്ലേജിന്റെ നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടില്ല. കാസർഗോഡ് ജില്ലാകളക്ടർ സമർപ്പിച്ച 25 കോടി രൂപയുടെ സമഗ്രമായ പ്രോജക്ട് പ്രൊപ്പോസൽ വിശദമായ എസ്റ്റിമേറ്റും പ്ലാനും (ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖാന്തിരം തയ്യാറാക്കിയത്) സർക്കാർ പരിശോധിച്ചു വരുന്നു. മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വില്ലേജിൽ ദുരിതബാധിതർക്കായി എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കുമോ; | (ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്ന റീഹാബിലിറ്റേഷൻ വില്ലേജിൽ വിദഗ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വ്യക്ത്യാധിഷ്ഠിതമായ ശാരീരിക മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിലുള്ളത്. കൂടാതെ Library, Recreation Room, Physiotherapy, Discussion Room, Vocational Rehabilitation Facility, Dining Hall, Kitchen, Garden, Gym and |

| | |
|---|---|
| | Consultation room എന്നീ സൗകര്യങ്ങളും ഒരുക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. |
| (സി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദുരിതബാധിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | (സി) കേന്ദ്ര സർക്കാരിൽ നിന്ന് ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിന് ജില്ലാ ഭരണകൂടത്തിന് ഫണ്ട് ലഭിച്ചിട്ടില്ല. |
| (ഡി) 2011 ജനുവരി മാസം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശപ്രകാരം ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും തുക ഈടാക്കിയിരുന്നോ; പ്രസ്തുത തുക ദുരിതബാധിതർക്ക് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ; | (ഡി) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ദുരിതബാധിതർക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി 53.105 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശയുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർ, ശാരീരിക വൈകല്യമുള്ളവർ, കാൻസർ രോഗികൾ എന്നീ വിഭാഗങ്ങൾക്ക് പ്രസ്തുത തുക ഉപയോഗിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ഇ) നിലവിൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള അർഹരായ ദുരിതബാധിതരെ കണ്ടെത്തി സഹായം അനുവദിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്? | (ഇ) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴിയാണ് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം ദുരിതബാധിതരെ കണ്ടെത്തുന്നത്. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് എല്ലാവർക്കും അവസരം നൽകുന്നുണ്ട്. ഇനിയും പട്ടികയിൽ ഉൾപ്പെടാത്തവർ ഉണ്ടോ എന്നുള്ള വിവരങ്ങൾ മെഡിക്കൽ ക്യാമ്പിലൂടെ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ